


ലൈബ്രറി ഇൻഫർമേഷൻ നെറ്റ്‌വർക്ക് ദേശീയ സെമിനാർ പോണ്ടിച്ചേരിയിൽ ഡോ. എ പി ജെ അബ്ദുൾകലാം ഉദ്ഘാടനം ചെയ്യുന്നു.

# വിവരകൈമാറ്റം ശരിയായ രീതിയിലെന്ന് ഉറപ്പുവരുത്തണം: ഡോ. അബ്ദുൾകലാം

**പോണ്ടിച്ചേരി:** നവമാധ്യമ ഉപയോഗത്തിലൂടെ ശരിയായ വിവര കൈമാറ്റം നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ കഴിയണമെന്ന് മുൻ രാഷ്ട്രപതി ഡോ. എ പി ജെ അബ്ദുൾകലാം പറഞ്ഞു. 700 മില്യൻ മൊബൈൽ ഉപയോക്താക്കളുള്ള രാജ്യമാണ് ഇന്ത്യ. മൊബൈൽ വഴി എല്ലാ ഭാഷയിലുമുള്ള വിജ്ഞാനം കൈമാറാനാകണം. പുസ്തകങ്ങളുടെ അവസാന എഡിഷൻപോലും ഉടൻ വായനയ്ക്ക് ലഭ്യമാക്കണമെന്നും അദ്ദേഹം പറഞ്ഞു. ലൈബ്രറി ഇൻഫർമേഷൻ നെറ്റ്‌വർക്കുമായി ബന്ധപ്പെട്ട് ദേശീയ സെമിനാർ പോണ്ടിച്ചേരിയിൽ ഉദ്ഘാടനംചെയ്യുകയായിരുന്നു അദ്ദേഹം.

ഫ്രഞ്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. പെരേര ഗ്രാഡ് അധ്യക്ഷനായി. ഡെൽനെറ്റ് ഡയറക്ടർ ഡോ. എച്ച് കെ കൗൾ, കോ-ഓഡിനേറ്റിങ് സെക്രട്ടറി ഡോ. സംഗീതകൗൾ, ഫ്രഞ്ച് ഇൻസ്റ്റിറ്റ്യൂട്ട് ചീഫ് ലൈബ്രേറിയൻ അനുരൂപനായ്ക് എന്നിവർ സംസാരിച്ചു. സെമിനാർ പുസ്തകത്തിന്റെ പ്രകാശനവും പ്രദർശനവും അബ്ദുൾകലാം നിർവഹിച്ചു. അരബിന്ദോ ഗോഷിയെ അനുസ്മരിച്ച് മാത്രിപ്രസാദ് സംസാരിച്ചു. ബി ടി അർജുൻ, രജത് ദിൽവാലി, ഡോ. സംഗീത കൗൾ, ഷഫീനാ സെഗൻ, പ്രശാന്ത് അഗർവാൾ, ഇസബെല്ല നിയാഫെഞ്ചർ, പി ജയരാജൻ എന്നിവർ പ്രബന്ധം അവതരിപ്പിച്ചു. സെമിനാറിൽ അഞ്ഞൂറോളം പേർ പങ്കെടുക്കുന്നു.